# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 267** **06/10/2016 ൽ മറുപടി**

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. അൻവർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി. ഉണ്ണി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.എൽ.എ.-മാരിൽ നിന്നും മറ്റും ലഭിക്കുന്ന അപേക്ഷകളിന്മേൽ വകുപ്പ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അർഹമായവയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി/അപ്പർ പ്രൈമറി/ഹൈസ്കൂൾ തലത്തിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലുള്ള സ്കൂളുകളുടെ പുതിയ കെട്ടിട നിർമ്മാണവും ലബോറട്ടറികളുടെ നവീകരണവുമാണ് സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ. |
| (ബി) | സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്കൂളുകളിൽ വിപുലമായ ലൈബ്രറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ഓഡിറ്റോറിയം, സജ്ജീകരണങ്ങളോടുകൂടിയ ഭക്ഷണ മുറികൾ മുതലായവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതു സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിൽ ഐ.സി.റ്റി. അടിസ്ഥാനപ്പെടുത്തി സ്മാർട്ട് ക്ലാസ്സുകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എത്ര സർക്കാർ സ്കൂളുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 1000 സർക്കാർ സ്കൂളുകൾ. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ